**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1784** **10.02.2020-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ലോക്കർ സംവിധാനത്തിലൂടെയുള്ള അധിക സേവനങ്ങൾ**

| **ചോദ്യം**<br>**ശ്രീ.പി.വി. അൻവർ** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ഗവൺമെന്റിന്റെ ഡിജിറ്റൽ ലോക്കർ സംവിധാനമായ ഡിജി ലോക്കർ എന്ന ആപ്ലിക്കേഷനിൽ നിലവിൽ ഇഷ്യൂവ്ഡ് ഡോക്കുമെന്റായി വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ആർ. സി.) മാത്രമാണ് ഗതാഗത വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | കേന്ദ്രീകൃത സോഫ്റ്റ് വെയറായ പരിവാഹനിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ വാഹൻ മുഖേനയും, ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ സാരഥി മുഖേനയുമാണ് നൽകി വരുന്നത്. 01.01.2019 മുതൽ സംസ്ഥാനത്ത് പുതിയ ഡ്രൈവിംഗ് ലൈസൻസ് നൽകി വരുന്നത് സാരഥിയിലൂടെയാണ്. വയനാട്, കാസർഗോഡ് ജില്ലകളിലെ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച മുഴുവൻ സേവനങ്ങളും സാരഥിയിലൂടെ നൽകി വരുന്നു. മറ്റ് ജില്ലകളിലെ ലൈസൻസ് ഡേറ്റ സാരഥിയിലേക്ക് പൂർണ്ണമായി മാറുന്നത് മുതൽ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച മുഴുവൻ സേവനങ്ങളും സാരഥി മുഖേന ലഭ്യമാകും. ഇത്തരത്തിൽ വാഹനിലും, സാരഥിയിലും ലഭ്യമായിട്ടുള്ള എല്ലാ വിവരങ്ങളും ഡിജി ലോക്കറിൽ ലഭിക്കുന്നതാണ്. |
| (ബി) | ഡ്രൈവിംഗ് ലൈസൻസ്, വാഹന ഇൻഷ്വറൻസ്, റോഡ് ടാക്സ് തുടങ്ങിയ രേഖകൾ ഡിജി ലോക്കറിൽ ഇഷ്യൂവ്ഡ് ഡോക്കുമെന്റായി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കാമോ; | | |
| (സി) | ഡിജി ലോക്കറിൽ സംസ്ഥാന ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഗതാഗത വകുപ്പ് അതിനുവേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (സി) | കേന്ദ്രീകൃത സോഫ്റ്റ് വെയറായ പരിവാഹൻ കേരള സംസ്ഥാനത്ത് നടപ്പിലായത് മുതൽ വാഹൻ മുഖേനയും, സാരഥി മുഖേനയും രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വിവരങ്ങളും ഡിജി ലോക്കറിൽ ലഭ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**